# മത്സ്യമേഖലയിലെ വനിതാശാക്തീകരണം : അലങ്കാര മത്സ്യകൃഷിയിലൂടെ

ഡോ. വിപിൻകുമാർ.വി.പി,
ശാസ്ത്രജ്ഞൻ, വിജ്ഞാനവ്യാപന വിഭാഗം,
കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം, കോഴിക്കോട് ശാഖ,
വെസ്റ്റിഹിൽ. പി.ഒ, കോഴിക്കോട് – 673 005.

## ആമുഖം

കേരളത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീകൾ സാമ്പത്തിക പുരോഗതിയിലും സാമൂഹ്യവളർച്ചയിലും ഒരു ദുരവസ്ഥയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സമയമാണിത്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എല്ലാ പഞ്ചായത്ത് മുൻസിപ്പൽ വാർഡുകളിലും ഇന്ന് നിലവിൽ വന്നു കഴിഞ്ഞിരിക്കുന്ന ജനകീയ സ്വഭാവമുള്ള ഗ്രാമസഭകളിലൂടെ നമ്മുടെ സംസ്ഥാനത്തിന്റെ വികസന പന്ഥാവിൽ ഇത:പര്യന്തം ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുള്ള തിൽ വച്ച് താരതമ്യേന ബൃഹത്തായ വികേന്ദ്രീകൃത വികസനയജ്ഞത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, അനുയോജ്യമായ ഒരു സൂക്ഷ്മസംരംഭം പ്രാവർത്തിക മാക്കിക്കൊണ്ട് സാമ്പത്തികശാക്തീകരണത്തിനായി സർവ്വാത്മനാ പങ്കാളിതകളാകുവാൻ മത്സ്യമേഖലയിലെ സ്ത്രീതൊഴിലാളികൾ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം 1000 പുരുഷൻ മാർക്ക് 1036 സ്ത്രീകൾ എന്ന അനുകൂലമായ സ്ത്രീ പുരുഷ അനുപാതം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ പോലും മത്സ്യമേഖലയിലെ സ്ത്രീപുരുഷ അനുപാതം 972 സ്ത്രീകൾ മാത്രമാണ്. തീരദേശ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ആൺകുട്ടികൾക്ക് ലഭിക്കുന്ന പരിഗണനയോ, പരിചരണമോ സംരക്ഷണമോ ലഭിക്കാതെ പകർച്ചവ്യാധികളുടെയും മറ്റും ഫലമായി മരണനിരക്ക് കൂടുതലാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഏകദേശം 2.47 ലക്ഷം പേർ പുരുഷൻമാരും 2.39 ലക്ഷം പേർ സ്ത്രീകളുമാണ്. മത്സ്യമേഖലയിൽ പൊതുവായി സ്ത്രീപങ്കാളിത്തം വളരെ പരിമിതമാണ്. മത്സ്യാനുബന്ധ മേഖലയിലാണ് സ്ത്രീകൾക്ക് താരതമ്യേന മെച്ചപ്പെട്ട തൊഴിൽ പങ്കാളിത്തം ഉള്ളത്. അനുബന്ധമേഖലയിലെ 1.64 ലക്ഷം തൊഴിലാളികൾ 0.86 ലക്ഷം പേരും സ്ത്രീകളാണ്. മത്സ്യാനുബന്ധ പ്രവർത്തനങ്ങളിലെ സ്ത്രീ പുരുഷ അനുപാതം പരിശോധിച്ചാൽ ബീച്ചുതല തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരിൽ സ്ത്രീകൾ ന്യൂന പക്ഷമാണ്. മത്സ്യസംസ്കരണ സംബന്ധമായ ജോലിയിൽ 90.32 ശതമാനവും ഉണക്കൽ, ഉപ്പിടൽ തുടങ്ങിയ പണികളിൽ 66.47 ശതമാനവും സ്ത്രീതൊഴിലാളികൾ ഭാഗഭാക്കായി രിക്കുന്നു. മത്സ്യസംസ്കരണ ഫാക്ടറികളിൽ 58.85 ശതമാന ത്തോളം സ്ത്രീകൾ തന്നെ.

## തീരദേശങ്ങളിലെ സ്ത്രീകളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ

- തീരപ്രദേശങ്ങളിൽ 66 ശതമാനം പുരുഷൻമാർക്കും ഭാഗികമായെങ്കിലും തൊഴിലുണ്ട്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പുരുഷൻമാരുടെ മുന്നിലൊന്നുപോലും വരുന്നില്ല. ഈ ദുരവസ്ഥയ്ക്കുള്ള മുഖ്യകാരണം തൊഴിലിൽ അനുവർത്തിച്ച് വരുന്ന വിവേചനം തന്നെയാണ്. ചുമട്ടുജോലികളിൽ വേതനത്തിന്റെ കാര്യത്തിൽ സ്ത്രീപുരുഷ വിവേചനം വളരെ പ്രകട മാണ്. തങ്ങളുടെ വേതനത്തെക്കുറിച്ച് സ്ത്രീകൾക്ക് യഥാർത്ഥത്തിൽ അറിവില്ല എന്നത് തന്നെ ഒരു പ്രധാന ന്യൂനതയാണ്.

- ശാരീരികമായ കരുത്തും സാഹസികതയും ആവശ്യമായ കടലിലെ മത്സ്യബന്ധനം പുരുഷൻമാരുടെ കുത്തകയാണ്. സ്ത്രീപങ്കാളിത്തം പ്രധാനമായും അസംഘടിതമേഖലകളായ ചെറുകിട മത്സ്യവിപണന

ത്തിലും പീലിംഗിലും ഇതര സംസ്കരണ പ്രവർത്തന ങ്ങളിലും മാത്രമായി പരിമിതപ്പെടുന്നു. സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്ന പരമ്പരാഗത മത്സ്യ ബന്ധന പ്രവർത്തനങ്ങൾ ഉൾനാടൻ മത്സ്യബന്ധനം, കക്കവാരൽ, മത്സ്യവില്പന, മത്സ്യസംസ്കരണം, (ഉണക്കൽ, ഉപ്പിടൽ, തോടുകളയൽ) വലനെയ്ത്ത്, മത്സ്യം തരംതിരിക്കൽ, മത്സ്യവല നിർമ്മാണം, ചുമട്ട്ജോലി തുടങ്ങിയവയാണ്. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സ്ത്രീകൾ മത്സ്യവിപണനത്തിലും പങ്കാളികളാവുന്നില്ല. അതുകൊണ്ടുതന്നെ വിപണ നരംഗത്ത് പുരുഷൻമാരെ അപേക്ഷിച്ച് കുറഞ്ഞ തൊഴിൽ പങ്കാളിത്തമാണ് സ്ത്രീകൾക്കിടയിൽ കാണു ന്നത്. മത്സ്യബന്ധനത്തിലെ നൂതന സാങ്കേതിക വിദ്യക ൾ തൊഴിലവസരങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. മത്സ്യതൊഴിലാളി സ്ത്രീകൾ അനൗപചാരിക മേഖലകളിൽ ജോലി ചെയ്യാൻ നിർബന്ധിതരാവുന്നു.

- മത്സ്യക്കച്ചവടത്തിലും മത്സ്യസംസ്കരണത്തിലും ഉൾപ്പെടുന്ന സ്ത്രീകൾ മദ്ധ്യവർത്തികളുടെയും മത്സ്യവ്യാപാരികളുടെയും ചൂഷണത്തിനിരയാവുന്നു.

- പണിയിടങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത തികച്ചും അനാരോഗ്യകരമായ ചുറ്റുപ്പാടു കൾ സൃഷ്ടിച്ചിരിക്കുന്നു. മിക്ക മിക്ക മാർക്കറ്റുകളിലും ഗതാഗത സൗകര്യങ്ങളുടെ അഭാവം കാരണം സ്ത്രീകൾ ഏറെ ദൂരെയുള്ള മാർക്കറ്റുകളിലേയ്ക്ക് മത്സ്യം തലച്ചുമടായി കൊണ്ടുപോകേണ്ടി വരുന്നു.

- മത്സ്യമേഖലയിൽ സ്ത്രീകളുടെ തൊഴിലിന്റെ കാര്യത്തി ൽ നിർണ്ണായകമായൊരു ഘടകമാണ് വിദ്യാഭ്യാസം. നിരക്ഷരരായ സ്ത്രീകളാണ് വൈദഗ്ദ്ധ്യം ആവശ്യമി ല്ലാത്ത പരമ്പരാഗതജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്.

- മത്സ്യത്തൊഴിലാളി സ്ത്രീകളിൽ നല്ല പങ്കും വിവാഹിത രാണ്. തൊഴിൽ ചെയ്യാൻ അവരെ നിർബന്ധിക്കുന്ന ഒരു ഘടകം ഭർത്താക്കൻമാർക്ക് സ്ഥിരവരുമാനം ഇല്ലാത്ത താണ്. വിവാഹമോചിതരും ഉപേക്ഷിക്കപ്പെട്ടവരും വിധവകളും ഇവരുടെയിടയിൽ സർവ്വസാധാരണമായതി നാൽ പരാശ്രയമില്ലാതെ ജീവിക്കാൻ ജോലി ചെയ്യുക യല്ലാതെ മറ്റു പോംവഴികൾ അവർക്കില്ല.

- മത്സ്യലഭ്യതയുടെ ഏറ്റക്കുറച്ചിലിനനുസരിച്ച് വരുമാന ത്തിൽ കയറ്റവും ഇറക്കവുമുണ്ടാവാം എന്നതിനാൽ മത്സ്യത്തൊഴിലാളി സമുദായങ്ങളുടെ വരുമാനം കൃത്യമായി നിർണ്ണയിക്കാനാവില്ല. സമ്പാദിക്കാൻ കഴിയുന്നില്ല എന്നതാണ് മത്സ്യത്തൊഴിലാളി സ്ത്രീ കളുടെ പ്രധാന പ്രശ്നങ്ങളിലൊന്ന്. അടുത്തുതന്നെ നിക്ഷേപസൗകര്യങ്ങളുണ്ടാക്കാൻ വനിതാസ്വാശ്രയ സംഘങ്ങൾ പരിശ്രമിക്കുമ്പോൾ തീരദേശ സ്ത്രീകളുടെ സമ്പാദ്യശീലം ഗണ്യമായി പുരോഗമിക്കും.

- മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ അടിക്കടി കടബാധ്യത വർദ്ധിച്ചു വരുന്നതിനാൽ വായ്പാ തുകകൾ സാവധാനം മാത്രമേ തിരിച്ചടക്കാറുള്ളൂ. ഇത് പണം കടം നല്കിയ വ്യക്തിയോട് സാമ്പത്തികമായ അടിമത്തം ഉണ്ടാക്കാൻ കാരണമാവുന്നു.

- മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കുടുംബത്തോട് കാര്യമായ കൂറുണ്ടെങ്കിലും കുടുംബകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാൻ അവർക്കുള്ള പങ്ക് വളരെ പരിമിതമാണ്. നേരിട്ട് മത്സ്യവില്പനയിൽ ഏർപ്പെട്ടിരി ക്കുന്ന സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യമുള്ള തിനാൽ കുടുംബകാര്യങ്ങളിൽ ഒട്ടൊക്കെ സ്വാധീനതയു ണ്ടെങ്കിൽ പോലും ഈ രംഗത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾ വളരെയേറെ പുരോഗമിക്കേണ്ടിയിരിക്കുന്നു.

- തീരദേശങ്ങളിലെ പൊതുപ്രശ്നങ്ങളിൽ സ്ത്രീകൾ പൊതുവെ ഐക്യം പ്രകടിപ്പിക്കാറില്ല. ഈ മേഖല തികച്ചും അസംഘടിതമാകയാൽ സ്ത്രീ തൊഴിലാളികൾ ഏറെ ചൂഷണം ചെയ്യപ്പെടുന്നു. സ്ത്രീകളുടെ സംഘാടനത്തിന്റെ അഭാവം കാരണം ഇത്തരം തൊഴിൽ പ്രശ്നങ്ങൾ ദൗർഭാഗ്യവശാൽ സമൂഹത്തിൽ ഏറെ പ്രകടമാവാറില്ല. സാമൂഹിക രാഷ്ട്രീയ പ്രബുദ്ധതയുടെ ആവശ്യകതയെക്കുറിച്ച് സ്ത്രീകളെ ബോധ്യപ്പെ ടുത്താൻ തീരദേശങ്ങളിൽ കാര്യമാത്രപ്രസക്തമായ ഉദ്യമങ്ങൾ ഉണ്ടാവാറില്ല.

- മത്സ്യബന്ധനമേഖലയിലെ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗമായാൽ മാത്രമേ അംഗീകൃത

മത്സ്യത്തൊഴിലാളി ആവാൻ കഴിയുകയുള്ളു. പക്ഷേ ഈ ബോർഡിൽ അംഗത്വം നേടിയാൽ ലഭിക്കുന്ന പ്രയോജന ങ്ങളെക്കുറിച്ച് സ്ത്രീകൾ പൊതുവെ അജ്ഞരാണ്.

- മത്സ്യ മേഖലയുടെ കുടുംബ ശൈഥില്യത്തിന് എന്നും വഴിയൊരുക്കിയിട്ടുള്ള രൂക്ഷമായ സാമൂഹ്യ പ്രശ്നമാണ് മദ്യപാനം തീരമേഖലയിൽ വ്യാപകമായ ഈ പ്രശ്നത്തെ ഭാഗിക മദ്യനിരോധനം കൂടുതൽ വഷളാക്കി അനധികൃത മദ്യത്തിന്റെ കടന്നുകയറ്റം തടയാൻ അധികൃതരുടെ ശ്രമങ്ങൾ പലപ്പോഴും നിഷ്ഫലമാകുകയാണ് പതിവ്.
- തീരദേശമേഖലയിലെ സ്ത്രീകൾ എന്നും അഭിമുഖീകരി ക്കേണ്ടി വരുന്ന മറ്റൊരു സാമൂഹ്യപ്രശ്നം സ്ത്രീധനവും അതോടനുബന്ധിച്ചുള്ള പ്രത്യാഘാതങ്ങളുമാണ്.
- പരമ്പരാഗത തൊഴിലവസരങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴി ലാളി സ്ത്രീകൾ ബീഡിതെറുപ്പ്, ബേക്കറി യൂനിറ്റ്, പായ നെയ്ത്ത്, കയർ നിർമ്മാണം, തുന്നൽ യൂനിറ്റ് തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ ഒതുങ്ങിക്കൂടുന്നു. ഇതിൽ വിജയ ലക്ഷണം പ്രകടിപ്പിച്ചവ ബേക്കറി-തുന്നൽ യൂനിറ്റുകൾ മാത്ര മാണ്. ബീഡി, പായ, കയർ തുടങ്ങിയവ പരാജങ്ങളായി.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള വികസന റിപ്പോർട്ടുകളിലെല്ലാം സ്ത്രീകളുടെ തൊഴിലില്ലായ്മ, ചൂഷണം, അദൃശ്യജോലിഭാരം, സാമൂഹിക അരക്ഷിതത്വം, സംഘടിത പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയവ പരാമർശ വിധേയമായിട്ടുണ്ട്. പ്രാദേശിക പദ്ധതിയാ സൂത്രണത്തിൽ സ്ത്രീ പങ്കാളിത്തവും സ്ത്രീ പരിഗണനയും ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന പരിപാടികൾ ആവിഷ്ക്കരി ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സമൂഹത്തിന്റെ താഴേക്കിടയിലുള്ള നിന്ദിതരും പീഡിതരും ദരിദ്രരിൽ ദരിദ്രരുമായ ജനവിഭാഗത്തിന്റെ ജീവിത നിലവാരത്തിലുള്ള ഉന്നമനവും മുന്നേറ്റവുമാണ് വികസനം കൊണ്ടുദ്ദേശിക്കുന്നത്. വികസന പദ്ധതിയുടെ ആസൂത്രണ ത്തിലും നിർവ്വഹണത്തിലും സ്ത്രീപങ്കാളിത്തം വർദ്ധിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. ഒപ്പം പദ്ധതി നടത്തി പ്പിനുള്ള പ്രയോജനം സ്ത്രീകൾക്ക് ലഭ്യമാക്കുകയും വേണം.

ഇപ്രകാരത്തിലുള്ള സ്ത്രീ ശാക്തീകരണത്തിനായി താഴെ പറയുന്ന കാര്യങ്ങളിൽ ഊന്നൽ കൊടുക്കേണ്ടത് അത്യാവശ്യമാണ്.

- സ്ത്രീയുടെ സമീപന രീതികളിലുള്ള മാറ്റം.
- വികസന പ്രക്രിയയിൽ സ്ത്രീകളുടെ അവബോധം വളർത്തിയെടുക്കാൻ ഊർജ്ജിത ബോധവല്ക്കരണം.
- വികസന പദ്ധതികളിൽ വനിതകളുടെ പങ്കാളിത്തം.
- വനിതകളുടെ സംഘടനാപാടവം.
- സ്ത്രീകൾക്ക് ഉത്തരവാദപ്പെട്ട തീരുമാനമെടുക്കാനും അവലോകന നിയന്ത്രണച്ചുമതലകൾ ഏറ്റെടുക്കാനുള്ള പ്രാപ്തി.

ഇപ്പറഞ്ഞവയ്ക്കെല്ലാം ഉപോൽബലകമായ ഒരു പശ്ചാത്തലം ഉണ്ടാക്കിയെടുക്കാൻ ജനാധിപത്യ അധികാര വികേന്ദ്രീകൃത പ്രക്രിയയുടെ തുടർച്ചയായി രൂപം കൊണ്ട വനിതാ സ്വാശ്രയസംഘങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

ദാരിദ്ര്യനിർമ്മാജ്ജന പരിപാടികൾ സുഗമമായി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്താവുന്ന സുതാര്യമായ ഉപാധിയാണ് ശാക്തീകരിക്കപ്പെട്ട സ്ത്രീ സ്വാശ്രയ സംഘങ്ങൾ. സ്ത്രീകൾക്ക് സ്ഥിരവരുമാനം നല്കാൻ കഴിവുള്ളതും പ്രാദേശിക സാദ്ധ്യതയുള്ളതുമായ മേഖലകൾ കണ്ടെത്തി ദാരിദ്ര്യ നിർമ്മാജ്ജനത്തിന് പര്യാപ്തമായ സൂക്ഷ്മസംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്താനുള്ള സംഘടിത ശ്രമങ്ങളാണ് മത്സ്യമേഖല യിലെ സ്ത്രീ തൊഴിലാളി സംഘങ്ങൾ ചെയ്യേണ്ടത്.

തീരദേശ മേഖലയിൽ പ്രാദേശിക വിഭവ സാദ്ധ്യതകളെ മുൻനിർത്തി രൂപം കൊടുത്തിട്ടുള്ളതും അനുഭവങ്ങളിലൂടെ വിജയം ഉറപ്പുവരുത്തിയിട്ടുള്ളതുമായ ഒരു മൈക്രോസംരംഭമാണ് അലങ്കാരമത്സ്യകൃഷി. കേരള സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ സ്ത്രീകൾ വിജയപ്രദമായി നടപ്പിൽ വരുത്തിയ ഒരു ബദൽ തൊഴിലധിഷ്ഠിത സംരംഭമെന്ന നിലയിൽ അലങ്കാര മത്സ്യകൃഷിയ്ക്ക് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്.